ഇ.എം. ചെരക്കാപറമ്പ്



# മൗലിദു വിരോധം ചെന്നെത്തുന്നത്.....

“പ്രവാചകന്റെ ദിവ്യാത്ഭുതങ്ങൾ സംബന്ധിച്ചു ഹദീസുകൾ നിരവധിയാണ്. അത്തരം ഹദീസുകളുടെ സമുച്ചയത്തിൽ തെളിയുന്ന പ്രവാചകൻ മനുഷ്യനല്ലാത്ത മറ്റെന്തൊക്കെയോ ആണ്. അത് അദ്ദേഹത്തെ ഒരു ഉപദൈവമായി കാണാൻവരെ ചിലരെ പ്രേരിപ്പിക്കുന്നു. അവരദ്ദേഹത്തിനു വഴിപാടുകൾ നേരുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. പ്രവാചകൻ മനുഷ്യനായിരുന്നുവെന്നു പറയുന്നത് അദ്ദേഹത്തെ അനാദരിക്കലും അവമതിക്കലുമായി കാണുന്ന ധാരാളം മുസ്‌ലിംകളുണ്ട്. മുഅ്ജിസത്തുമായി ബന്ധപ്പെട്ട ഹദീസുകളുടെ പ്രചാരത്തിന് ഈ ദുരവസ്ഥ സൃഷ്ടിക്കുന്നതിൽ വലുതായ പങ്കുണ്ട്. മുസ്‌ലിംവീടുകളിൽ ധാരാളമായി പാരായണം ചെയ്യപ്പെടുന്ന 'മൻഖൂസ്' പോലുള്ള മൗലീദു ഗീതങ്ങളുടെ മുഖ്യ ഉള്ളടക്കം ഇത്തരം നിവേദനങ്ങളുമാണ്. വിരലുകൾക്കിടയിൽ നിന്നു ജലം പ്രവഹിച്ചവൻ, കയ്യിലിരുന്ന കല്ല് തസ്ബീഹ് ചൊല്ലിയവൻ എന്നൊക്കെയാണ് വെള്ളിയാഴ്ച ഖുതുബകളിൽ സാധാരണ അനുസ്മരിക്കാറുള്ള പ്രവാചക മഹത്വങ്ങൾ. ഈ വക ഹദീസുകളുടെ സാധുതയും യാഥാർത്ഥ്യവും മാത്രമല്ല പ്രശ്നം. സാധുവായ നിവേദനങ്ങളാണെങ്കിൽ തന്നെ ഇതൊക്കെയാണോ വിശ്വാസികളിൽ സ്ഥിരമായി അനുസ്മരിപ്പിച്ചു കൊണ്ടിരിക്കേണ്ട പ്രവാചക ചര്യകൾ എന്നതും ചിന്തിക്കേണ്ട വിഷയമാണ്. ഖുർആൻ ഒഴിച്ചുള്ള മുഅ്ജിസത്തുകൾക്ക് പിൽക്കാല ജനങ്ങളെ സംബന്ധിച്ചിടത്തോളം ചരിത്രസംഭവങ്ങൾ എന്നതിൽ കവിഞ്ഞ പ്രസക്തിയില്ല. അവയൊന്നും ഇന്ന് നിലനില്ക്കുന്നില്ല. വിശ്വാസികൾക്ക് അവയിലൊന്നും മാതൃകയുമില്ല. മനുഷ്യൻ എന്ന നിലക്കുള്ള പ്രവാചക ജീവിതമാണ് വിശ്വാസികൾക്കു പ്രസക്തം. അതാണ് അനുകരണീയവും മാതൃകാപരവുമായിട്ടുള്ളത്. മുഅ് ജിസത്തുകളിലൂന്നിയ പ്രവാചക ചരിത്രങ്ങൾ പ്രവാചകനെ അമാനുഷികവല്ക്കരിക്കുകയും ആ ജീവിതത്തെ അനുകരണക്ഷമമല്ലാതാക്കുകയുമാണ് ചെയ്യുന്നത്.'

ജമാഅത്തെ ഇസ്‌ലാമിയുടെ മുഖപത്രമായ പ്രബോധനം 2007 ജനുവരിയിൽ പ്രസിദ്ധീകരിച്ച 'ഹദീസ്പതിപ്പ്' എന്ന വിശേഷാൽ പ്രതിയിൽ അതിന്റെ ചീഫ് എഡിറ്റർ ടി.കെ.ഉബൈദ് എഴുതിയ 'സുന്നത്തിന്റെ ചരിത്രമൂല്യം' എന്ന ലേഖനത്തിലുള്ളതാണ് ഈ വരികൾ. (പേജ് 27,28). വളരെ ഗൂഢമായ ദുഷ്ടലാക്കുകൾ ഒളിപ്പിച്ചു വച്ച വിഷം ചീറ്റുന്ന വരികളല്ലേയിത്?! വിശിഷ്ഠ റഫറൻസായി ഉപയോഗിക്കാൻ ഉദ്ദേശിച്ചുകൊണ്ട് ഇറക്കിയ വിശേഷപ്പെട്ട ഒരു പുസ്തകത്തിൽ അതിന്റെ എഡിറ്റർ തന്നെ സ്വന്തം പേര് വച്ചെഴുതിയ ലേഖനത്തിൽ ഇത്ര ദൂരവ്യാപകഫലമുണ്ടാക്കുന്നതും നിരുത്തരവാദപരവും അനവധാനത നിറഞ്ഞതുമായ പ്രസ്താവന നടത്തിയതു ക്ഷന്തവ്യമമാണോ? മൻഖൂസ് മൗലിദിനെ വിമർശിക്കലാണ് തന്റെ പ്രധാന ഉന്നം. അതു മനസ്സിലാക്കാം. പക്ഷേ, അത് പരിശുദ്ധ ഖുർആനിനു നേരെയുള്ള വിമർശനം കൂടിയായെന്ന് ഇയാളെന്തുകൊണ്ട് ചിന്തിച്ചില്ല! പ്രബോധനത്തിന്റെ താളുകളിൽ നിരന്തരം പ്രസിദ്ധീകരിക്കുന്ന ഖുർആൻ പരിഭാഷയെങ്കിലും ശ്രദ്ധിക്കാത്തയാളാണോ ഈ പത്രാധിപർ.

പ്രവാചകന്മാരിൽ നിന്നുണ്ടാകുന്ന അസാധാരണ സംഭവങ്ങളെ രണ്ടായി ഇമാമുകൾ വിഭജിക്കുന്നുണ്ട്. 1) പ്രവാചകത്വ പദവിക്കു മുമ്പ് അവരിൽ നിന്നു സംഭവിക്കുന്നവ. 'ഇർഹാസാത്ത്' എന്നാണതിനു പേര്. പ്രവാചകത്വത്തിന് അടിക്കല്ല് പാകുക എന്ന ഉദ്ദേശത്തിലാണ് അത്തരം അത്ഭുതങ്ങൾക്ക് ഈ നാമകരണം ചെയ്തത്. 2) പ്രവാചകത്വത്തിനു ശേഷം അതിന്റെ തെളിവായി സംഭവിക്കുന്ന ദൃഷ്ടാന്തങ്ങളാണു മറ്റേത്. ഇവക്കു 'മുഅ്ജിസത്ത്' എന്നു പേര്. കുഴക്കുന്നത്, കഴിവു കെടുത്തുന്നത് എന്നൊക്കെയാണ് ഈ വാക്കിന്റെ ഭാഷാർത്ഥം. പ്രവാചകരുടെ ഇത്തരം കഴിവുകൾക്കു മുമ്പിൽ സൃഷ്ടികൾ തോറ്റുപോകുമെന്നതാണീ പേരിനു നിദാനം. പ്രവാചകന്മാരിൽ നിന്ന് ഈ രണ്ടുവിധേനയും നിരവധി അസാധാരണ സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. ഈ രണ്ടുതരം അത്ഭുതസംഭവങ്ങളും ഖുർആൻ എത്രയെങ്കിലും ഉദ്ധരിച്ചിട്ടുണ്ടെന്നത് ഇയാളറിഞ്ഞിട്ടില്ലേ?

ഖിയാമം വരെ നിലനില്ക്കേണ്ട ഖുർആനിൽ എന്തി നാണിതൊക്കെ?!

മഹാനായ മൂസാനബി(അ)യെ പരിശുദ്ധഖുർആനിൽ അല്ലാഹു അവതരിപ്പിക്കുന്നത് മഹാനരുടെ പ്രവാചകത്വത്തിനു മുമ്പ് സംഭവിച്ച ജന്മനേരത്തും ശേഷംവളർച്ചാ സമയത്തും ഉണ്ടായ നിരവധി അത്ഭുതങ്ങൾ ഊന്നിപ്പറഞ്ഞുകൊണ്ടാണ്. ആ കഥകൾ സുവിദിതമാണ്. ഇവിടെ വിവരിക്കേണ്ടതില്ല. മൂസാനബി(അ)യുടെ കാലശേഷം മഹാനരുടെ അനുയായികളും ലോകവസാനം വരെയുള്ള പ്രാചകന്മാരിൽ വിശ്വസിക്കുന്ന സത്യവിശ്വാസികളും സ്ഥിരമായി അനുസ്മരിച്ചു കൊണ്ടിരിക്കേണ്ട കാര്യമല്ല അത്തരം സംഭവങ്ങളെങ്കിൽ പിന്നെ പരിശുദ്ധ ഖുർആന്റെ ആ വിവരണങ്ങൾക്ക് എന്തു പ്രസക്തിയാണുള്ളത്? ഇക്കണക്കിനു ഖുർആനിൽ നിന്നു കുറെ ഭാഗം ഒഴിവാക്കപ്പെടാനുണ്ടെന്ന് ഈ ആധുനിക പത്രാധിപർ വാദിച്ചുകളയുമോ ആവോ? മൂസാനബി അല്ലാഹുവിന്റെ മഹാപ്രവാചകനാണെന്ന് വിശ്വാസികളുടെ ഹൃദയത്തിൽ ഉറപ്പിക്കാനും ദൃഢമായി കരുപ്പിടിപ്പിക്കാനും അവ അറിഞ്ഞരിക്കൽ അനിവാര്യമാണെന്നല്ലേ ഖുർആന്റെ ഈ സമർത്ഥന രീതി നമ്മെ പഠിപ്പിക്കുന്നത്?

അപ്രകാരം, ഈസാനബി(അ)യെ ഖുർആൻ പരിചയപ്പെടുത്തുന്നത് അവരുടെ മാത്രമല്ല തന്റെ ഉമ്മയുടെയും കൂടി ജനനവളർച്ചകളിലെ നിരവധി അത്ഭുതങ്ങൾ സവിസ്തരം പ്രതിപാദിച്ചുകൊണ്ടാണ്. അതുകൊണ്ട് അദ്ദേഹത്തെയും ഉമ്മയെയും ഉപദൈവങ്ങളായി കണക്കാക്കുന്ന ദുരവസ്ഥ ഭാവിയിൽ സംഭവിക്കുമെന്ന് അല്ലാഹുവിന് അറിവില്ലായിരുന്നോ? അവ സ്ഥിരമായി അനുസ്മരിക്കൽ അപ്രസക്തമാണെങ്കിൽ ഖുർആനിൽ ഇത്ര സുദീർഘമായി അവ പരാമാർശിച്ചതിന് അർത്ഥമെന്താണ്? ഇനി യഹ്‌യാനബി(അ)യെ അല്ലാഹു പരാമർശിക്കുന്നത് അദ്ദേഹത്തിന്റെ മഹാനായ പിതാവിന്റെ പ്രാർത്ഥനമൂലം താൻ ജനിക്കാൻ ഇടയായ സംഭവങ്ങളെല്ലാം വിസ്തരിച്ചു വിവരിച്ചുകൊണ്ടാണ്. പ്രവാചകത്വത്തിനു മുമ്പും ശേഷവും സംഭവിച്ച ഇത്തരം അത്ഭുതങ്ങളെ സത്യവിശ്വാസികൾ അനുസ്മരിച്ചു കൊണ്ടിരിക്കണമെന്നും വിശ്വാസത്തിന്റെ ദൃഢതയ്ക്ക് അത് അനിവാര്യമാണെന്നും ഖുർആൻ വ്യക്തമാക്കുകയാണ് ഇതുകൊണ്ടൊക്കെ ചെയ്യുന്നത്. ഈ വസ്തുതകളെല്ലാം അവഗണിക്കുന്ന ചിന്താശൂന്യതയിലേക്കു ലേഖകനെ നയിച്ചത് കേവലം സുന്നീവിരോധവും മൻഖൂസ്മൗലിദു പകയും മാത്രമാണ്. സുന്നീവിരുദ്ധരുടെ എല്ലാ വാദങ്ങളും നിരർത്ഥവും വൈരാഗ്യ മനോഭാവത്തിൽ നിന്നുടലെടുത്തതുമാണെന്നു മനസ്സിലാക്കാൻ പ്രയാസമില്ല.

ആദരവായ നബിതിരുമേനി(സ)യിൽ നിന്നും പ്രവാചകത്വത്തിനു മുമ്പും ശേഷവും നിരവധി അത്ഭുതസംഭവങ്ങൾ ഉണ്ടായതായി സ്വഹീഹായ നിരവധി ഹദീസുകളിൽ വന്നിട്ടുണ്ട്. കല്ലുകൾ സലാംപറയുക, മൃഗങ്ങൾ അവിടുത്തോടു സംസാരിക്കുക തുടങ്ങിയ പല അത്ഭുത സംഭവങ്ങൾക്കു മുപരി ശൈശവ ദശയിൽ തന്നെ നബിതങ്ങൾ അൽ അമീനും(അറിയപ്പെട്ട വിശ്വസ്തൻ) പരമസത്യവാനും വിശുദ്ധനും ആയി പരക്കെ അറിയപ്പെട്ടിരുന്നു. തീർച്ചയായും തങ്ങൾ മഹത്തായ സ്വഭാവഗുണങ്ങൾ ഉൾക്കൊള്ളുന്നവരാണ് എന്ന് ഖുർആൻ പ്രസ്താവിച്ചിട്ടുണ്ടല്ലോ. സൃഷ്ടിയും സ്വഭാവവും മാത്രമല്ല വേറെയും നിരവധി എണ്ണിയാലൊടുങ്ങാത്ത അത്ഭുതസംഭവങ്ങൾ നബി(സ)യിൽ നിന്നുണ്ടായിട്ടുണ്ടല്ലോ.

പ്രവാചകത്വ പദവിക്കു ശേഷവും നിരവധി മുഅ്ജിസത്തുകൾ സംഭവിച്ചതായി അനിഷേധ്യമായി സ്ഥിരപ്പെട്ടിട്ടുണ്ട്. മുൻകഴിഞ്ഞ പ്രവാചകന്മാരെ കുറിച്ചു വ്യക്തമായ വിവരണങ്ങൾ നബി(സ) നല്കിയിട്ടുണ്ട്. അവരുമായുള്ള കൂടിക്കാഴ്ചകളും സംഭാഷണങ്ങളും റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ട്. മലക്ക്, സ്വർഗ്ഗം, നരകം, മഹ്ശറ മുതലായവയെ

**ഖുർആനല്ലാത്ത മുഅ്ജിസത്തുകൾക്കെല്ലാം നബിയുടെ ജീവിത കാലത്തു മാത്രമേ സാം ഗത്യവും പ്രസക്തിയുമുള്ളുവെങ്കിൽ സ്വഹാബികൾ മുതൽ പ്രബോധനം ഇതെഴുതുന്നതുവരെയുള്ള മുസ്‌ലിംതലമുറകളെല്ലാം ഈ വിഡ്ഢിത്തത്തിൽ അകപ്പെട്ടവരാണല്ലോ. പ്രബോധനത്തിലും ജമാഅത്തു പ്രസിദ്ധീകരണത്തിലും ഇത്തരം സംഭവങ്ങൾ ഉദ്ധരിച്ചിട്ടുണ്ട്. ഉദ്ധരിച്ച ഗ്രന്ഥങ്ങൾ പരിഭാഷപ്പെടുത്തിയിട്ടുമുണ്ട്. ഇതും വിഡ്ഢിത്തവും അനാവശ്യവും തന്നെയാകുമല്ലോ.**

കുറിച്ചു തിരുവചനങ്ങൾ വേറെയും ഭാവിയിൽ സംഭവിക്കുന്ന നിരവധി കാര്യങ്ങളെ കുറിച്ചുള്ള പ്രവചനങ്ങൾ അവിടുന്ന് നടത്തിയിട്ടുണ്ട്. അവയിൽ പലതും സംഭവിച്ചു കഴിഞ്ഞ പ്രവചനങ്ങളാണ്. ചന്ദ്രനെ പിളർത്തിക്കാണിക്കുക, ഇസ്‌റാഅ്, മിഅ്റാജ് മുതലായവ തെളിയിക്കപ്പെട്ടതും അംഗീകരിക്കപ്പെട്ടതുമായ മുഅ്ജിസത്തുകളാണ്. തബൂക്കിലും ഹുദൈബിയ്യയിലും വരണ്ട കിണറുകളിൽ വെള്ളം നിർഗ്ഗളിച്ചതും സ്വഹീഹായി റിപ്പോർട്ടു ചെയ്യപ്പെട്ടതു തന്നെ. തിരുവിരലുകൾക്കിടയിലൂടെ വെള്ളം ഉറവയെടുത്തതും പ്രസിദ്ധ സംഭവമാണ്. എല്ലാ വെള്ളിയാഴ്ചയും ജുമുഅ: ഖുത്വുബയിൽ ഖത്വീബുമാർ ഇത് നൂറ്റാണ്ടുകളായി അനുസ്മരിക്കുന്നു. അല്പഭക്ഷണത്തെ ആയിരക്കണക്കിനു അനുയായികൾക്കു പെട്ടെന്നു വർദ്ധിപ്പിച്ചു നല്കിയത് സ്വഹീഹായ ഹദീസുകളിലുണ്ട്.

ഭീകരനായ അബൂറാഫിഅ് എന്ന ശത്രുവിനെ വധിച്ച ശേഷം മടങ്ങുന്ന മദ്ധ്യേ സംഭവിച്ച അപകടത്തിൽ മഹാനായ അബ്ദുല്ലാഹിബ്നു അതീ

കി(റ)ന്റെ കാലിന്റെ എല്ലു പൊട്ടുകയും വിവരം നബിതങ്ങളോടു പറയുകയും ചെയ്തപ്പോൾ ആ കാൽ നിവർത്തിപ്പിടിച്ച് തിരുകരം കൊണ്ട് ഒന്നു തടവിയപ്പോൾ ഉടൻ പൂർണ്ണസുഖം പ്രാപിച്ചതും സ്വഹീഹാണ്. മഹതി ഉമ്മുമഅ്ബദി(റ)ന്റെ റിപ്പോർട്ട് പ്രസിദ്ധമാണ്. ദാഹവും ക്ഷീണവും അനുഭവപ്പെട്ട നബിതങ്ങൾ അവരോടു കുടിക്കാനോ തിന്നാനോ വല്ലതും ഉണ്ടോ എന്ന് ആവശ്യപ്പെട്ടു. അവർ ഒന്നുമില്ലെന്നു മറുപടി പറഞ്ഞു. തത്സമയം, വീടിന്റെ അരികിലെ ഒരു മൂലയിൽ ക്ഷീണിച്ചു അവശയായ ഒരാടിനെ നബിതങ്ങൾ കാണുകയുണ്ടായി. ഇതിനെ ഞാൻ കറന്ന് പാലെടുക്കുന്നത് നിങ്ങൾക്കു സമ്മതമാണോ? നബി(സ)തങ്ങൾ ചോദിച്ചു. മാതാപിതാക്കളെക്കൊണ്ട് ആണയിട്ട് അവർ സമ്മതം നല്കി. തുടർന്ന് നബിതങ്ങൾ ഒരുപാത്രമാവശ്യപ്പെടുകയും ആ പാത്രത്തിലേക്കു കുറേ പാൽ കറന്നെടുക്കുകയും ആദ്യം ആ വീട്ടുകാർക്കു തന്നെ കുടിക്കാൻ നല്കുകയും ചെയ്തു. അവരെല്ലാവരും മതിവരുവോളം കുടിച്ചു. വീണ്ടും നബിതങ്ങൾ അതേ ആടിനെ കറന്നെടുക്കുകയും കുടിക്കുകയും ചെയ്തു. ബാക്കിവച്ച പാൽ തത്സമയം സ്ഥലത്തില്ലാതിരുന്ന ഭർത്താവ് അബൂമഅ്ബദ് തിരിച്ചെത്തിയ ശേഷം കാണാനിടയായി. കഥയറിഞ്ഞ താൻ കുടുംബസമേതം മുസ്‌ലിമാകുകയും ചെയ്തു. ഹിജ്റാ യാത്രയ്ക്കിടയിലാണീ സംഭവം.

ഇബ്നു അബ്ബാസി(റ)നെ തൊട്ട് ഒരു അഅ്റാബി നബിതങ്ങളെ സമീപിച്ച് ഇപ്രകാരം ചോദിച്ചു: അങ്ങ് നബിയാണെന്ന് ഞാനെങ്ങനെ അറിയും? എങ്ങനെയത് വിശ്വസിക്കും? എന്താണതിനു തെളിവ്? നബിതങ്ങൾ പ്രസ്താവിച്ചു: 'ഈ ഉണങ്ങിയ ഈത്തപ്പനയിൽ നിന്നും പഴുത്ത ഈത്തപ്പഴക്കുല പറിച്ചുതന്നാൽ വിശ്വസിക്കുമോ?' അദ്ദേഹം പറഞ്ഞു: 'വിശ്വസിക്കാം.' ഉടൻ നബിതങ്ങൾ അയാളെ വിളിച്ച് ഈത്തപ്പഴക്കുല പറിച്ചു നല്കി. തിരിച്ചു പോകാൻ സമ്മതം നല്കിയപ്പോൾ അദ്ദേഹം ശഹാദത്തു ചൊല്ലി വിശ്വസിച്ചു(തുർമുദി).

ബദ്ർ രണാങ്കണത്തിൽ ശത്രുക്കളെ അരിഞ്ഞുവീഴ്ത്തിക്കൊണ്ടിരിക്കുകയാണ് ഉകാശത്തുബ്നു മിഹ്സൻ(റ). തന്നെ തീർത്തും സ്തംഭിപ്പിച്ചുകൊണ്ടാണതു സംഭവിച്ചത്. തന്റെ ഖഡ്ഗം രണ്ടായി മുറിഞ്ഞു. പോരാട്ടം തുടരാതെ നിവൃത്തിയില്ല. മുന്നോട്ടു ഗമിക്കാൻ വേറെ ആയുധവുമില്ല. നബി(സ)യോടു പോയി ആവലാതി പറയുകതന്നെ, എന്തെങ്കിലും മാർഗ്ഗം അവിടുന്നു കാണിച്ചു തരും. അതുതന്നെ ചെയ്തു. ഉടനെ തിരുമേനി(സ) ഒരു ഈത്തപ്പനത്തണ്ട് കൈയിലെടുത്ത് ഉകാശ(റ)ക്കു നല്കി. ഉകാശ(റ) അതേറ്റുവാങ്ങിയപ്പോൾ അത്ഭുതം, ഒന്നാന്തരം ഒരു വാൾ! അബൂബക്ർസിദ്ദീഖി(റ)ന്റെ കാലത്ത് മുർതദ്ദായവർക്കു നേരെ നടന്ന യുദ്ധത്തിൽ ഉകാശ(റ) രക്തസാക്ഷിത്വം വരിക്കുന്നതുവരെ പങ്കെടുത്ത എല്ലാ യുദ്ധങ്ങളിലും ഉപയോഗിച്ചത് ഈ വാളാണത്രെ.

അൻസ്വാരികളിൽ പെട്ട ഒരു മഹതി. പള്ളിയിൽ ജനങ്ങളെ അഭിസംബോധന ചെയ്യാൻ നബി(സ)തങ്ങൾ കയറിനിൽക്കുന്ന ഈത്തപ്പനത്തടിക്കഷ്ണം അവർ ഒരിക്കൽ കാണാനിടയായി. മനോഹരമായി ഉരുപ്പടികൾ ഉണ്ടാക്കുന്ന ആശാരിപ്പണിക്കാരനായ ഒരു മകൻ അവർക്കുണ്ട്. അവർ നബി(സ)യോടു ചോദിച്ചു: അങ്ങേയ്ക്ക് നല്ലൊരു മിമ്പർ എന്റെ മകനെക്കൊണ്ട് ഞാൻ പണിയിച്ചു തരട്ടെയോ? താല്പര്യം പോലെ ചെയ്യാൻ നബി(സ)തങ്ങൾ അനുവാദം നല്കി. അടുത്ത വെള്ളിയാഴ്ച നബി(സ) ഖുത്വുബ നിർവ്വഹിച്ചത് പുതിയ മിമ്പറിൽ. പഴയ മരത്തടിയിൽ നിന്നും കൊച്ചുകുട്ടികളുടേതുപോലുള്ള തേങ്ങിത്തേങ്ങിയുള്ള കരച്ചിലിന്റെ ശബ്ദം എല്ലാവരും കേട്ടത് അപ്പോഴാണ്. ഉടനെ തങ്ങൾ താഴെയിറങ്ങി ആ തടിക്കഷ്ണത്തിന്റെ അരികിലെത്തി. അതിനെ വാരിപ്പുണർന്നു. ആലിംഗനം ചെയ്തു. ആശ്വസിപ്പിച്ചു.

അനസ്(റ) റിപ്പോർട്ടു ചെയ്യുന്നു: ആടിന്റെ പാലുകൊണ്ട് തന്റെ ഉമ്മ സ്ഥിരമായി വെണ്ണയുണ്ടാക്കുമായിരുന്നു. ഒരിക്കൽ വെണ്ണപ്പാത്രം നിറഞ്ഞസമയം അതപ്പാടെ എടുത്തു നബി(സ)തങ്ങൾക്കു കൊണ്ടുപോയി നല്കാൻ ഉമ്മ ഭൃത്യയോട് ആവശ്യപ്പെട്ടു. അവർ അതു നബി(സ)തങ്ങൾക്കെത്തിച്ചു. വീട്ടിലുള്ള ഒരു പാത്രത്തിൽ അതൊഴിച്ചുവച്ചു കൊണ്ടുവന്ന പാത്രം തിരികെ കൊണ്ടുപോകാൻ നബി(സ)തങ്ങൾ പറഞ്ഞു. അപ്രകാരം പാത്രം തിരികെ കൊണ്ടുപോയ ഭൃത്യ വീട്ടിൽ അത് നേരത്തെ ഇരുന്ന ആണിയിൽ തന്നെ തൂക്കിവച്ചു. ഉമ്മ പുറത്തു പോയിരുന്നു. തിരിച്ചു വന്നപ്പോൾ കാണുന്നത് പഴയതുപോലെ വെണ്ണ നിറഞ്ഞു കവിഞ്ഞൊഴുകുന്ന പാത്രമാണ്! പറഞ്ഞറിയിച്ച സംഭവമൊന്നും ഉമ്മാക്കു വിശ്വാസമായില്ല. ഭൃത്യയെയും കൂട്ടി ഉമ്മ നബി(സ)തങ്ങളുടെ അരികിലെത്തി. അവിടുന്ന് വേലക്കാരി പറഞ്ഞതു ശരിവച്ചു. തുടർന്നിങ്ങനെ പറഞ്ഞു: 'ഓ, ഉമ്മുസുലൈം അല്ലാഹുവിന്റെ പ്രവാചകനു നീ നല്കിയതിനു പകരം അവൻ നിനക്കു നല്കിയതിൽ അത്ഭുതപ്പെടാനുണ്ടോ?' ഉമ്മുസുലൈം(റ) പറയുന്നു: 'അയൽവാസികൾക്കും കുടുംബക്കാർക്കുമെല്ലാം ഭാഗിച്ചുകൊടുത്ത ശേഷവും രണ്ടുമാസക്കാലം ഞങ്ങൾക്കത് ഉപയോഗിക്കാൻ മാത്രം ബാക്കിയുണ്ടായിരുന്നു അത്.'

ഇതെല്ലാം സ്വഹീഹായി റിപ്പോർട്ടു ചെയ്യപ്പെട്ട സംഭവങ്ങളാണ്. ഇത്തരം അത്ഭുതം നിറഞ്ഞ ആയിരക്കണക്കിനു സംഭവങ്ങൾ സ്വഹാബികൾ നേരിൽ കണ്ടിട്ടുണ്ട്. ഇളകാത്ത വിശ്വാസത്തിന്റെ ഉടമകളാകാൻ അവരിൽ ചിലർക്ക് ഈ അനുഭവങ്ങൾ തന്നെയാണു സഹായകമായത്. നേരിൽ കണ്ട അവരിൽ നിന്ന് ഉദ്ധരിച്ചു കേട്ടവർക്കും അതു വിശ്വാസ ദൃഢതയും യഖീനും നല്കി. അതുകൊണ്ടാണു മഹാന്മാരിൽ ചിലർ അത്തരം സംഭവങ്ങൾ മാത്രം ക്രോഡീകരിച്ചു കൊണ്ട് പ്രത്യേകം ഗ്രന്ഥങ്ങൾതന്നെ രചിച്ചത്. ഇതെല്ലാം നബിയുടെ വഫാത്തിനു ശേഷമാണ്. ഖുർആനല്ലാത്ത മുഅ്ജിസത്തുകൾക്കെല്ലാം നബിയുടെ ജീവിതകാലത്തു മാത്രമേ സാംഗത്യവും പ്രസക്തിയുമുള്ളൂവെങ്കിൽ സ്വഹാബി

ശേഷം......പേജ് 46 ൽ

കൾ മുതൽ പ്രബോധനം ഇതെഴുതുന്നതുവരെയുള്ള മുസ്‌ലിംതലമുറകളെല്ലാം ഈ വിഡ്ഢിത്തത്തിൽ അകപ്പെട്ടവരാണല്ലോ. പ്രബോധനത്തിലും ജമാഅത്തു പ്രസിദ്ധീകരണത്തിലും ഇത്തരം സംഭവങ്ങൾ ഉദ്ധരിച്ചിട്ടുണ്ട്. ഉദ്ധരിച്ച ഗ്രന്ഥങ്ങൾ പരിഭാഷപ്പെടുത്തിയിട്ടുമുണ്ട്. ഇതും വിഡ്ഢിത്തവും അനാവശ്യവും തന്നെയാകുമല്ലോ. യഥാർത്ഥത്തിൽ പ്രവാചകന്മാരുടെ നുബുവ്വത്തിനു മുമ്പും പിമ്പുമുണ്ടായ ഇത്തരം അത്ഭുത സംഭവങ്ങളുടെ കാര്യത്തിൽ പുത്തൻവാദികൾ ത്രിശങ്കുവിലാണ്. മതയുക്തിവാദികൾക്ക് തങ്ങളുടെ ചിന്തക്കു നിരക്കാത്തതിനാൽ ഇവ വിശ്വസിക്കാൻ കഴിയുന്നില്ല. അതേസമയം ദൃഢമായ തെളിവുകളുടെ മുമ്പിൽ പകച്ചു നില്ക്കാനല്ലാതെ തള്ളിക്കളയാനും വയ്യ. അല്ലാഹു അവരുടെ ശർറിനെ തൊട്ടു നമ്മെ കാത്തു രക്ഷിക്കട്ടെ. ആമീൻ.